# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

**Prot. No. MPL: 94/26/14**

## സർക്കുലർ

**ഓസ്ട്രേലിയൻ സെൻസസ് 2026**

**ഓരോ സീറോമലബാർ വിശ്വാസിയും എണ്ണപ്പെടണം!**

**സെൻസസ് ദിനം: 2026 ഓഗസ്റ്റ് 11, ചൊവ്വാഴ്ച**

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ മാതാപിതാക്കളേ സഹോദരീ സഹോദരന്മാരേ,

2026 ഓഗസ്റ്റ് 11ാം തീയതി ചൊവ്വാഴ്ച ഓസ്ട്രേലിയൻ ദേശീയ ജനസംഖ്യാ കണക്കെടുപ്പ് (Census) നടക്കുകയാണല്ലോ. മുൻവർഷങ്ങളിലേതുപോലെതന്നെ എല്ലാവരും ഈ സെൻസസിൽ നിർബന്ധമായും പങ്കാളികളാകേണ്ടതുണ്ട്. ആ സമയത്ത് ഓസ്ട്രേലിയയിലുള്ള ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തണം.

ഓസ്ട്രേലിയയിലെ ജനസംഖ്യയെക്കുറിച്ചും വിവിധ സമൂഹങ്ങളെക്കുറിച്ചുമുള്ള കൃത്യമായ വിവരങ്ങൾ നൽകുന്നത് ഈ സെൻസസിലൂടെയാണ്. ഭാവിയിൽ ഭരണകൂടങ്ങൾക്കും വിവിധ സംഘടനകൾക്കും ആവശ്യമായ പദ്ധതികളും സേവനങ്ങളും ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഈ വിവരങ്ങൾ അത്യന്താപേക്ഷിതമാണ്.

സെൻസസ് ഫോം പൂരിപ്പിക്കുമ്പോൾ താഴെ പറയുന്ന ചോദ്യങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു:

👉 **ചോദ്യം 21** – ഭാഷ (Language)

‘Does the person use a language other than English at home?’

ദയവായി ഇങ്ങനെ രേഖപ്പെടുത്തുക:

👉 MALAYALAM

### എന്തുകൊണ്ട്?

വീട്ടിൽ ഉപയോഗിക്കുന്ന ഭാഷയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ നൽകുന്നതുവഴി, സർക്കാരിനും വിവിധ സ്ഥാപനങ്ങൾക്കും ഭാഷാടിസ്ഥാനത്തിലുള്ള മികച്ച സേവനങ്ങൾ, ആരാധനാക്രമം, വിദ്യാഭ്യാസം, സാമൂഹിക പിന്തുണ എന്നിവ നൽകാൻ സഹായകമാകും.

👉 **ചോദ്യം 24** – മതവിശ്വാസം (Religious Affiliation)

‘What is the person's religion?’

നമ്മുടെ സഭാപരമായ വ്യക്തിത്വം വ്യക്തമായി രേഖപ്പെടുത്തുന്നതിനായി:

1. ‘Other (specify)‘ എന്നത് തിരഞ്ഞെടുക്കുക.
2. തുടർന്ന് വ്യക്തമായി ഇങ്ങനെ എഴുതുക:

👉 **SYRO - MALABAR CATHOLIC**

**ശ്രദ്ധിക്കുക:** വെറുതെ "Catholic" എന്ന് മാത്രം തിരഞ്ഞെടുത്താൽ നമ്മുടെ സീറോമലബാർ കത്തോലിക്കാ സഭയുടെ വ്യക്തിത്വം പ്രത്യേകം അടയാളപ്പെടുത്തപ്പെടുകയില്ല.

**ഇതിന്റെ പ്രാധാന്യമെന്ത്?**

ആരാധനാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വയോജനപരിചരണകേന്ദ്രങ്ങൾ, ആശുപത്രി ജയിൽ ചാപ്ലൈൻസി, ആത്മീയ ശുശ്രൂഷകൾ, മറ്റ് സാമൂഹികസേവനങ്ങൾ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും വളർച്ചയ്ക്കും ഈ വിവരങ്ങൾ നിർണ്ണായകമാണ്.

സെൻസസ് രാത്രിക്കു മുന്നോടിയായുള്ള ആഴ്ചകളിൽ ഇടവകയിലെ അറിയിപ്പുകളിലൂടെയും വാർത്താക്കുറിപ്പുകളിലൂടെയും സമൂഹ്യമാധ്യമങ്ങളിലൂടെയും ഈ സന്ദേശം വിശ്വസികളുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് എല്ലാ ഇടവക വികാരിമാരോടും ശുശ്രൂഷ സംഘടനാ ഡയറക്ടർമാരോടും കമ്മ്യൂണിറ്റി നേതാക്കളോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

നമ്മുടെ സഭാവ്യക്തിത്വം കൃത്യമായി രേഖപ്പെടുത്തുന്നതിലൂടെ: ഓസ്ട്രേലിയയിൽ സീറോമലബാർ സഭയുടെ സാന്നിധ്യവും പങ്കാളിത്തവും വ്യക്തമായി പ്രതിഫലിക്കും. സഭയുടെ ഭാവിപ്രവർത്തനങ്ങൾക്കും സുവിശേഷദൗത്യത്തിനും ശക്തമായ അടിത്തറ പാകുവാൻ ഇതിലൂടെ സാധിക്കും.

സെൻസസ് വിവരങ്ങൾക്ക് സന്ദർശിക്കുക:

🌐 **www.abs.gov.au/census**

നമ്മുടെ സമൂഹത്തിലെ ഓരോ അംഗവും സെൻസസിൽ കൃത്യമായി ഉൾപ്പെടാനും സീറോമലബാർ സഭയുടെ വ്യക്തിത്വം വ്യക്തമായി പ്രതിഫലിക്കാനും വേണ്ടി നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരും കൂടി ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **ബിഷപ് ജോൺ പനന്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ

രൂപതാകാര്യാലയം
മെൽബൺ, 23.07.2026

NB: ഈ സർക്കുലർ 2026 ആഗസ്റ്റ് 2 ഞായറാഴ്ച മെൽബൺ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്